# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6635

### 09-11-2016 ൽ മറുപടിക്ക്

### അടിസ്ഥാന വികസന മേഖലയിൽ മുടക്കുന്ന തുക

| ചോദ്യം<br>ശ്രീ. എം. രാജഗോപാലൻ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) അടിസ്ഥാന വികസന മേഖലയിൽ പ്രത്യേകിച്ച് പി.ഡബ്ളിയു.ഡി, വാട്ടർ റിസോഴ്സ്, ഹാർബർ എൻജിനീയറിംഗ് എന്നിവ ഉൾപ്പെടെയുള്ള മേഖലകളിൽ മുടക്കുന്ന തുകയുടെ ശരിയായ പ്രയോജനം ദീർഘകാലത്തേക്ക് ലഭ്യമാക്കാനും കുറ്റമറ്റരീതിയിലുള്ള നിർമ്മാണം ഉറപ്പാക്കാനും പദ്ധതി വിഭാവനം ചെയ്യുമോ; | കിഫ്ബി വഴി നടപ്പിലാക്കുന്ന എല്ലാ പദ്ധതികളും പാലിക്കേണ്ട നടപടിക്രമങ്ങളെ സംബന്ധിച്ച് വ്യക്തമായ ഒരു മാർഗരേഖ സ. ഉ. നം. (കൈ)നം. 315/2016 ധന. തീയതി.08/08/2016 പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. സുതാര്യമായും, സമയബന്ധിതമായും കിഫ്ബി വഴിയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനു ഉതകുന്ന രീതിയിലാണ് മാർഗരേഖ തയാറാക്കിയിരിക്കുന്നത്. ഇതിൻ പ്രകാരം പി.ഡബ്ല്യൂ.ഡി, ജലസേചന വകുപ്പ് ഉൾപ്പെടെ വിവധ വകുപ്പുകളിൽ നിന്നും പ്രോജക്ട് നിർദ്ദേശങ്ങൾ കിഫ്ബിയിൽ സമർപ്പിക്കപ്പെട്ടിട്ടുണ്ട്. പദ്ധതികളുടെ പുരോഗതി നിശ്ചിത ഇടവേളകളിൽ പരിശോധിക്കുന്നതിനും വിലയിരുത്തുന്നതിനും ഒരു സാങ്കേതിക വിദഗ്ദ സംഘത്തെ |
| (ബി) നിർമ്മാണ മേഖലയിൽ പ്രത്യേകിച്ച് പി.ഡബ്ളിയു.ഡി. റോഡുകൾ , പാലങ്ങൾ, കെട്ടിടങ്ങൾ, കുടിവെള്ള പദ്ധതി ഉൾപ്പെടെയുള്ള ജലസേചന പ്രവൃത്തികൾ, എൽ.എസ്.ജി.ഡി യുമായി ബന്ധപ്പെട്ട പ്രവൃത്തികൾ എന്നിവയിലെ കാര്യക്ഷമതയും ഗുണമേന്മയും ഇല്ലാത്ത അവസ്ഥ പരിഹരിച്ച് ഇവ തടയാൻ കിഫ്-ബിയിൽ നിർദ്ദേശമുണ്ടാകുമോ; വിശദീകരിക്കാമോ? | |

| | |
|---|---|
| | കിഫ്ബിയിൽ നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. കിഫ്ബി വഴിയുള്ള പദ്ധതിയുടെ തുടർന്നുള്ള ധനസഹായം ഈ വിലയിരുത്തലിനെ ആശ്രയിച്ചാണെന്നതിനാൽ കൂട്ടുതൽ കൃത്യതയോടെയും കാര്യപ്രാപ്തിയോടെയും പദ്ധതികൾ നടപ്പിലാക്കാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ഓഫീസർ**